Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/1614 (13) തീയതി: 22.02.2025

## വിജ്ഞാപനം

**വിഷയം:- കൈറ്റ് - പൊതുജനങ്ങൾക്കുള്ള KOOL പരിശീലനം - നിർമിതബുദ്ധി - പ്രത്യേക കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- കൈറ്റ് ഡയറക്ടർ ബോർഡിന്റെ പതിനാലാമത് യോഗത്തിന്റെ മിനിറ്റ്സ്

കൈറ്റ് തയാറാക്കിയ ഓൺലൈൻ പരിശീലന പോർട്ടലായ KITE's OPEN ONLINE LEARNING (KOOL) വഴി പൊതുജനങ്ങൾക്കായി നൽകുന്ന പുതിയ കോഴ്സ് 2025 മാർച്ച് 10-ന് ആരംഭിക്കും. ദൈനംദിന പ്രവർത്തനങ്ങളിൽ നിർമ്മിതബുദ്ധിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രായോഗിക അറിവുകൾ ഈ കോഴ്സിലൂടെ ലഭിക്കുന്നു. പൂർണ്ണമായും ഓൺലൈൻ മോഡിലൂടെ ക്രമീകരിച്ചിരിക്കുന്ന കോഴ്സിന്റെ പേര് AI Essentials എന്നാണ്. കോഴ്സ് സംബന്ധിച്ച നിർദ്ദേശങ്ങൾ താഴെ നൽകിയിരിക്കുന്നു.

1. ഓൺലൈൻ മോഡിൽ നടക്കുന്ന കോഴ്സിന്റെ ദൈർഘ്യം 4 ആഴ്ചയാണ്.
2. കോഴ്സിന്റെ രജിസ്ട്രേഷൻ കൈറ്റ് വെബ്സൈറ്റ് (kite.kerala.gov.in) വഴി 23.02.2025 മുതൽ 05.03.2025 വരെ ആയിരിക്കും.
3. ആദ്യം രജിസ്റ്റർ ചെയ്യുന്ന 2500 പേർക്കാണ് ആദ്യ ബാച്ചിൽ പരിശീലനം നൽകുന്നത്. ഇരുപത് പേർ വീതമുള്ള ബാച്ചുകളായാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.
4. രജിസ്ട്രേഷൻ ഫീസ് ജി.എസ്.ടി ഉൾപ്പെടെ 2360/- രൂപയാണ് (2000/- + ജി.എസ്.ടി). ഇത് രജിസ്ട്രേഷൻ സൈറ്റിലൂടെ ഓൺലൈനായി അടക്കേണ്ടതാണ്.
5. ഇരുപതു പേരുള്ള ഓരോ ബാച്ചിനും പ്രത്യേകം മെന്റർ ഉണ്ടായിരിക്കും.
6. ഓരോ ആഴ്ചയിലും പ്രത്യേകം മൊഡ്യൂൾ അടിസ്ഥാനമാക്കിയുള്ള പരിശീലനവും വിലയിരുത്തലും ഉണ്ടായിരിക്കും.
7. കോഴ്സിന്റെ ഭാഗമായി വീഡിയോ ക്ലാസ്സുകൾ അടക്കമുള്ള റിസോഴ്സുകൾ ക്രമീകരിച്ചിട്ടുണ്ട്.
8. എല്ലാ ആഴ്ചയിലും ഓൺലൈൻ കോൺടാക്ട് ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.
9. പഠിതാക്കൾ എല്ലാ മോഡ്യൂളുകളും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.
10. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കൈറ്റ് പ്രത്യേക സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

കോഴ്സിന്റെ സിലബസും മറ്റു വിശദാംശങ്ങളും kite.kerala.gov.in സൈറ്റിലെ രജിസ്ട്രേഷൻ ലിങ്കിൽ (https://kool.kite.kerala.gov.in/koolregistration/) നൽകിയിട്ടുണ്ട്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ